LIBRARY ARCHIVES Kerala Legislative Assembly

കരിങ്കല്ലിന്റെ ലഭ്യതക്കുറവ്

314 (1680) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കല്ലിന്റെ ലഭ്യതക്കുറവുമൂലം അരുവിക്കര മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. മരാമത്ത് പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ഈ സാഹചര്യം മറികടക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

ഹരിപ്പാട് നഗരസഭാ ജീവനക്കാർക്കെതിരെ നടപടി

315 (1681) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയിലെ നഗരസഭാ ജീവനക്കാരായ ശ്രീമതി രശ്മി (ഓവർസിയർ ഗ്രേഡ് 3), ശ്രീമതി ശിൽപ (ഓവർസിയർ ഗ്രേഡ് 3), ശ്രീ. ബിനോയ് (എച്ച്.ഐ.ഗ്രേഡ്1) എന്നീ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും വീഴ്ചകളും ചൂണ്ടിക്കാട്ടി ഹരിപ്പാട് നഗരസഭാ ചെയർമാൻ നൽകിയ കത്തിന്മേൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കുപകരം കാര്യക്ഷമതയുള്ള ജീവനക്കാരെ ഹരിപ്പാട് നഗരസഭയിൽ അടിയന്തരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

&

(സി) നഗരസഭാ പ്രവർത്തനങ്ങളെ പ്രതിസന്ധിയിലാക്കുന്ന പ്രസ്തുത ജീവനക്കാർക്കെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പരാതിയിമേൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളിൻമേൽ വിശദമായ പരിശോധന നടത്തിവരുന്നു.